LIBRARY ARCHIVES Kerala Legislative Assembly

(എ & ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലവിൽ വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകാരം നൽകിയതും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമായ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*

അംബേദ്കർ ഗ്രാമ പദ്ധതി

85(830) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അംബേദ്കർ ഗ്രാമ' പദ്ധതി പ്രകാരം 2016 മുതൽ അത്തൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോഴും നടപ്പിലാകാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതാണെന്നും നടപ്പിലാക്കാത്തതിന്റെ കാരണവും വിശദമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിൽ അത്തൂർ മണ്ഡലത്തിൽനിന്നും പൊറ്റേത്തറ കോളനിയെയും കുമ്പഞ്ഞി കോളനിയെയും പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പൊറ്റേത്തറ കോളനിയിൽ റോഡ് നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. 225 മീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമ്പഞ്ഞി കോളനി വെള്ളക്കെട്ട് പ്രദേശമായതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികൾ

86(831) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിലുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ടോ?

പുതിയ പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

87(833) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എത്രയെന്നും ഇതിൽ എത്ര സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ ആകെ 683 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 582 പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളും 101 പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളുമാണുള്ളത്. ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങൾ സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനും പുന:സംഘടിപ്പിക്കാനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുജ്ജീവനവും പുന:സംഘടനയും ലക്ഷ്യമാക്കി സമഗ്ര വികസന പരിശീലന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സഹകരണ വകുപ്പിന്റെ പരിഗണ നയിലാണ്. ഈ പദ്ധതിയുടെ കീഴിൽ സംഘങ്ങളുടെ പ്രവർത്തന അടിസ്ഥാ നത്തിൽ തരംതിരിച്ച് നിഷ്ക്രിയ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് പ്രാധാന്യം നൽകുകയും, ഇതര വകുപ്പുകളുടെ കീഴിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെയും, ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly